# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.175/PR/PIC/PHQ/18 Date : 16.07.2018

---

## പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദപരമാക്കുന്നതിന് ഊന്നൽ നല്കണം : സംസ്ഥാന പോലീസ് മേധാവി

പോലീസ് സംവിധാനത്തിൽ ഏറ്റവും സുപ്രധാനം പോലീസ് സ്റ്റേഷനുകളാണെന്നതിനാൽ അവയെ കൂടുതൽ ജനസൗഹൃദപരമാക്കുന്നതിനും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നല്കി പ്രവർത്തിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശിച്ചു. പോലീസ് ആസ്ഥാനത്ത് നടന്ന സംസ്ഥാനത്തെ എസ് പി മാരും ജില്ലാ പോലീസ് മേധാവിമാരും മുതലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ 2018 ലെ രണ്ടാം ത്രൈമാസ ക്രൈം കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശരാശരി നിലവാരത്തിലും താഴെയുള്ള കുറെ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട്. ഐ ജി, എസ് പി തലത്തിലുള്ള മുതിർന്ന ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുകയും കുറച്ചു സമയം അവിടെ ചെലവഴിച്ച് ജനങ്ങളുമായി ആശയ വിനിമയം നടത്തുകയും ഉദ്യോഗസ്ഥർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും വേണം. സ്റ്റേഷനുകൾക്ക് വാഹനങ്ങൾ, കംപ്യൂട്ടറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കണം. സംസ്ഥാനത്ത 100 സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കും. ഇത്തരം സ്റ്റേഷന്റെ മാതൃക വികസിപ്പിക്കുന്നതിന് അഞ്ചുലക്ഷം രൂപ വീതം എ.ഡി.ജി.പി. എസ്.സി.ആർ.ബി., എഡിജിപി (ട്രെയിനിങ്), എ.ഡി.ജി.പി. (എച്ച്.ക്യൂ.) തൃശ്ശൂർ സിറ്റി ജില്ലാപോലീസ് മേധാവി തുടങ്ങിയവർക്ക് അനുവദിച്ചിട്ടുണ്ട്. ഈ മാതൃകകൾ വിലയിരുത്തി ജില്ലകളിൽ മറ്റ് സ്മാർട്ട് സ്റ്റേഷനുകൾ ആരംഭിക്കും. ഈ സ്റ്റേഷനുകളിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരെ നിയമിക്കും.

പോലീസ് സ്റ്റേഷൻ മാനേജ്മെന്റ് മെച്ചപ്പെടുത്താൻ നിരവധി നിർദേശങ്ങൾ നേരത്തെ നല്കിയിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സംവിധാനമുണ്ടാക്കും. ഇൻസ്പെക്ടർ എസ് എച്ച് ഒ സംവിധാനം മെച്ചപ്പെടുത്തൽ, രാത്രികാല പട്രോളിങ്, ഗുണ്ടകൾക്കും മാഫിയകൾക്കും അമിതപലിശക്കാർക്കുമെതിരെയുള്ള നടപടികൾ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ എസ് പി മാരുടെയും ഡിവൈഎസ് പി മാരുടെയും മേൽനോട്ടം കൂടുതലുണ്ടാകണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

വർക്കിങ് അറേഞ്ച്മെന്റ് നിയമനങ്ങൾ പരമാവധി ചുരുക്കണമെന്ന് യോഗം നിർദ്ദേശിച്ചു. വിവിധ വിഭാഗങ്ങളുടെ പ്രവർത്തനത്തിന് അനിവാര്യമായി വേണ്ട ഉദ്യോഗസ്ഥരെ മാത്രമേ വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കാൻ അനുവദിക്കൂ. സംസ്ഥാനതലത്തിൽ കൃത്യമായ മനുഷ്യവിഭവശേഷി വിലയിരുത്തി ആവശ്യകത അനുസരിച്ച് സേനാംഗങ്ങളെ പുനർ വിന്യസിക്കും.

സംസ്ഥാനത്തെ ക്രമസമാധാനനില പൊതുവേ തൃപ്തികരമാണെന്ന് യോഗം വിലയിരുത്തി. വാട്സാപ്പ് ഹർത്താലുകൾ പോലുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ നടപടികളെടുക്കാൻ പോലീസിനായി. 2016 നെക്കാൾ രാഷ്ട്രീയ കൊലപാതകങ്ങൾ 2017 ലും 2018 ലും കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2018 ൽ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ വർഗീയ ചേരിതിരിവുകളുണ്ടാക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. അവയ്ക്കെതിരെ

ജാഗ്രത പുലർത്തണം. എല്ലാ ജില്ലകളിലും മതസൗഹാർദ്ദവും സാമൂദായിക ഐക്യവും മെച്ചപ്പെടുത്തുന്നതിനുള്ള കൂട്ടായ്മകളും പ്രവർത്തന പരിപാടികളും ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടത്തണം. കാസർകോട്, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലകളിൽ ഇത്തരം യോഗങ്ങൾ നടന്നുകഴിഞ്ഞു.

വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൊലപാതകം, ഭവനഭേദനം പോലുള്ള ഗുരുതര കുറ്റകൃത്യങ്ങളുടെ നിരക്ക് കേരളത്തിൽ കുറവാണെന്ന് യോഗം വിലയിരുത്തി. അന്വേഷണം പൂർത്തിയാകാത്ത കേസുകളിൽ അവ പൂർത്തിയാക്കുന്നതിന് ആവശ്യമെങ്കിൽ പ്രത്യേക സംഘങ്ങളെ നിയോഗിക്കണമെന്നും യോഗത്തിൽ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

ട്രാഫിക് അപകടങ്ങൾ മുൻ വർഷത്തിലും 20% കുറയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആ ലക്ഷ്യം നേടാൻ ഇനിയും കാര്യക്ഷമമായ നടപടികൾ വേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആലപ്പുഴ ജില്ല *ശുഭയാത്ര 2018* തുടങ്ങിയ പരിപാടികളിലൂടെ നല്ല മുന്നേറ്റമുണ്ടാക്കിയത് മറ്റു ജില്ലകളും മാതൃകയാക്കണം. പരിശോധനകൾ വാഹനയാത്രക്കാർക്കുള്ള ബുദ്ധിമുട്ട് കഴിവതും കുറഞ്ഞ രീതിയിലാകണം. ഇക്കാര്യത്തിൽ നിരീക്ഷണക്യാമറ ഉൾപ്പെടെയുള്ള സാങ്കേതിക സംവിധാനങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തണം.

മൂന്നാംമുറ പോലുള്ള പ്രവണതകൾ തടയാൻ ആധുനിക ചോദ്യം ചെയ്യൽ മുറികൾ കൂടുതലായി ഉപയോഗപ്പെടുത്തണം. അഴിമതി തടയാൻ അത്തരം കേസുകളിൽ കർശനമായ നടപടികളെടുത്തുവരികയാണ്. അഴിമതി തടയുന്നതിന് പരിശോധനകൾ കർശനമാക്കണം. ക്രിമിനൽ കേസുകളിൽ പെട്ടവർക്കെതിരെയും കർശന ശിക്ഷാ നടപടികൾ സ്വീകരിക്കും. അഴിമതി, സ്വഭാവദൂഷ്യം, ഗുരുതരകുറ്റകൃത്യങ്ങൾ തുടങ്ങിയവയിൽ ഉൾപ്പെടുന്നവർക്കെതിരെ പിരിച്ചുവിടൽ അടക്കം നിയമപരമായി സാധ്യമായ വകുപ്പുതല നടപടികൾ സ്വീകരിക്കും.

സ്ത്രീകൾ, കുട്ടികൾ ഉൾപ്പെടെയുള്ളവർ കാണാതാകുന്ന കേസുകൾ വർധിച്ചുവരുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്നും ഇക്കാര്യത്തിൽ അലംഭാവം കാട്ടിയാൽ ശക്തമായ നടപടിയുണ്ടാകുമെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. ഇക്കാര്യത്തിൽ ഐജിമാരും ജില്ലാപോലീസ് മേധാവിമാരും പ്രത്യേകം ശ്രദ്ധപുലർത്തണം.

സംസ്ഥാനത്ത് പോക്സോ കേസുകൾ കൂടിവരുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ പോക്സോകേസുകളുടെ അന്വേഷണം ശക്തമാക്കുകയും ശിക്ഷാനിരക്ക് വർധിപ്പിക്കുകയും വെണമെന്ന് യോഗം വിലയിരുത്തി.

കള്ളക്കടത്തും വിധ്വംസകപ്രവർത്തനവും പോലുള്ളവയ്ക്ക് ട്രെയിനുകളെ കൂടുതലായി ഉപയോഗിക്കുന്ന സാഹചര്യം വിലയിരുത്തി റെയിൽവേ പോലീസ് സംവിധാന ശക്തിപ്പെടുത്തുണമെന്ന് യോഗത്തിൽ നിർദേശമുയർന്നു. ഡോഗ് സ്ക്വാഡ്, പ്രത്യേക കൺട്രോൾ റൂം എന്നിവ റെയിൽവേ പോലീസിനും നൽകും. കൂടുതൽ വനിതാ ഉദ്യോഗസ്ഥരെ റെയിൽവേ പോലീസിൻ ഉൾപ്പെടുത്തും.

ഈ വർഷം ട്രെയിനിങ് വർഷമാണ്. ഇതിന്റെ ഭാഗമായി 40% പേർക്ക് പരിശീലനം നൽകാനായി.

തീരദേശ പോലീസ് സംവിധാനത്തിന് കുടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഈ വിഭാഗത്തിലെ ഒഴിവുകൾ പരിശീലനം പരിശീലനം നേടിയവരെ ഉൾപ്പെടുത്തി നികത്തും. ഈ നിയമനങ്ങളിൽ തീരദേശ മേഖലകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് മുൻഗണന നല്കും. ഏതാനും തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടുതലായി അനുവദിക്കണമെന്ന് കോസ്റ്റൽ സെക്യൂരിറ്റി ഐ ജി യുടെ നിർദ്ദേശം സർക്കാരിന് സമർപ്പിക്കണമെന്നും അദ്ദേഹം അറിയിച്ചു.

എ ഡി ജി പി മാരായ ടോമിൻ ജെ തച്ചങ്കരി, ഡോ ബി സന്ധ്യ, അനിൽ കാന്ത്, എസ് ആനന്തകൃഷ്ണൻ, ഡോ ഷെയ്ക് ദർവേഷ് സാഹിബ്, റ്റി കെ വിനോദ്കുമാർ ഐ ജി മാരായ മനോജ് എബ്രഹാം, എം ആർ അജിത്കുമാർ, എസ് ശ്രീജിത്ത്, വിജയ് എസ് സാക്കറെ, ബൽറാംകുമാർ ഉപാദ്ധ്യായ, ജി ലക്ഷ്മൺ, ദിനേന്ദ്ര കശ്യപ്, അശോക് യാദവ്, പി വിജയൻ, ഡി ഐ ജി മാരായ എം പി ദിനേശ്, അനൂപ് കുരുവിള ജോൺ, പി പ്രകാശ്, കെ സേതുരാമൻ, കെ പി ഫിലിപ്പ്, ഷെഫീൻ അഹമ്മദ് കെ. ജില്ലാ പോലീസ് മേധാവിമാർ, എസ്.പി.മാർ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ :** പോലീസ് ആസ്ഥാനത്തുവച്ച് നടന്ന ക്രൈംറിവ്യൂ മീറ്റിങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സംസാരിക്കുന്നു.

***********